പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2201 — 4.11.2019 ൽ മറുപടിയ്ക്ക്

## ഭിന്നശേഷി സൗഹൃദ സംസ്ഥാനമാക്കാൻ പദ്ധതികൾ

ചോദ്യം — മറുപടി

ശ്രീമതി.പി. അയിഷാ പോറ്റി

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കേരളത്തെ ഭിന്നശേഷി സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ; | (എ) ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനും അവകാശാധിഷ്ഠിത സാമൂഹ്യ മുന്നേറ്റം ഉറപ്പിക്കുന്നതിനും ഭിന്നശേഷിക്കാരുടെ സഞ്ചാരത്തിന് അനുയോജ്യമായി പൊതുജന സേവനം നൽകുന്ന കെട്ടിടങ്ങൾ, സ്ഥലങ്ങൾ എന്നിവയിൽ ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി പ്രതിബന്ധമുക്തമാക്കുന്നതിനും ലക്ഷ്യമിടുന്ന പദ്ധതിയാണ് 'ബാരിയർ ഫ്രീ കേരള പദ്ധതി'. അപ്രകാരം ഭിന്നശേഷിക്കാരുടെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ പൊതുകെട്ടിടങ്ങളും അവയിൽ റാമ്പുകൾ, കൈവരികൾ, ലിഫ്റ്റുകൾ, വിശ്രമമുറികൾ, ശൗചാലയം, ബ്രെയിലിയിലെ പ്രത്യേക ചിഹ്നങ്ങൾ ഇതുപോലുള്ള മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. കണ്ണൂർ ജില്ലയെ സമ്പൂർണ്ണ ഭിന്നശേഷി സൗഹൃദ ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ട്. വയനാട്, മലപ്പുറം ജില്ലകളിൽ പദ്ധതി പ്രവർത്തനങ്ങൾ നടന്നു വരുന്നു. ലോകസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിലെ പോളിംഗ് സ്റ്റേഷനുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>പത്തനംതിട്ട, തൃശ്ശൂർ, കൊല്ലം, എറണാകുളം, കോട്ടയം, ആലപ്പുഴ, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിലെ പൊതു കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിലേയ്ക്കായും എറണാകുളം ജില്ലയിലെ കളക്ടറേറ്റിന് ചുറ്റുമുള്ള റോഡ് ഭിന്നശേഷി സൗഹൃദമാക്കുന്നതിനായും തുക അനുവദിച്ചിട്ടുണ്ട്.<br><br>കേന്ദ്രഗവൺമെന്റിന്റെ 'അക്സസിബിൾ ഇന്ത്യ ക്യാമ്പയിൻ' പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം സിറ്റിയിലെ 28 പൊതുകെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി 859.59 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കേന്ദ്ര സർക്കാർ അംഗീകരിക്കുകയും ആദ്യ ഘട്ടമായി 4,29,98,000/- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പദ്ധതിയുടെഭാഗമായി തിരുവനന്തപുരം സിറ്റിയിലെ 23 പൊതുകെട്ടിടങ്ങൾ കൂടി ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |

| | |
|---|---|
| | ഓട്ടിസം ഉൾപ്പെടെയുള്ള ബുദ്ധിപരമായ വൈകല്യമുള്ള കുട്ടികൾക്കായി sensory stimulation സാധ്യമാക്കുന്നതിലേയ്ക്കായി sensory garden ഉൾപ്പെടെയുള്ള ബാരിയർ ഫ്രീ പാർക്ക് തിരുവനന്തപുരം ജില്ലയിൽ മ്യൂസിയത്തിനുള്ളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.<br>സംസ്ഥാനത്തെ എല്ലാ സർക്കാർ വെബ്സൈറ്റും ഭിന്നശേഷി സൗഹൃദമാക്കുന്നതി നായി Kerala State IT Mission ന്റെ സഹായത്തോടെ നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>സംസ്ഥാനത്തെ ഒരു ബസ് സ്റ്റാൻഡ് ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള പ്രാരംഭ നടപടികളും സ്വീകരിച്ചു വരുന്നു.<br>ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനും സാമൂഹ്യനീതിക്കുമായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ 'അനുയാത്ര' എന്ന പേരിൽ ഒരു പദ്ധതി 2017 ജൂൺ മാസം മുതൽ നടപ്പാക്കി വരുന്നു. അംഗപരിമിത മേഖലയിൽ ഏറ്റെടുക്കേണ്ട പ്രാഥമിക പ്രതിരോധ പ്രവർത്തനങ്ങൾ മുതൽ സുസ്ഥിരമായ പുനരധിവാസം വരെയുള്ള സമഗ്ര ജീവിത ചക്ര സമീപനമാണ് 'അനുയാത്ര'യിൽ സ്വീകരിച്ചിട്ടുള്ളത്.<br>കൂടാതെ കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന്റെ ആസ്ഥാന മന്ദിരം ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി നിലവിലുള്ള റാമ്പിന് പുറമേ disabled friendly lift, toilet എന്നിവ സ്ഥാപിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.<br>ഭിന്നശേഷിക്കാരുടെ ചലന സ്വാതന്ത്ര്യം, സഞ്ചാര സ്വാതന്ത്ര്യം എന്നിവ ഉറപ്പുവരുത്തുന്നതിനായി 96 ഇനം സഹായ ഉപകരണങ്ങൾ സംസ്ഥാനത്തിന്റെ വിവിധയിടങ്ങളിൽ മെഡിക്കൽ ക്യാമ്പ് നടത്തി വിതരണം ചെയ്തു വരുന്നു<br>കാഴ്ച പരിമിതി നേരിടുന്നവരുടെ സാമൂഹിക ഇടപെടൽ ശക്തിപ്പെടുത്തുന്നതിനായി വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ് വെയറോടു കൂടിയ ലാപ്ടോപ്പ്, സ്മാർട്ട് ഫോൺ എന്നിവ വിതരണം ചെയ്യുന്ന കാഴ്ച പദ്ധതി നടപ്പാക്കി വരുന്നു<br>ചലന പരിമിതി നേരിടുന്നവരുടെ ചലന സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നതിനായി ശുഭയാത്രാ എന്ന പേരിൽ മുച്ചക്രവാഹനം / ഇലക്ട്രോണിക് വീൽ<br>ചെയർ പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) ഡിഫറന്റ് ആർട്ട് സെന്റർ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | (ബി) സർഗ്ഗാത്മക കഴിവുള്ള ഭിന്നശേഷിക്കാരായ കുട്ടികളുടെ അഭിരുചികൾ പരിപോഷിപ്പിക്കുന്നതിനാവശ്യമായ പരിശീലനം നൽകുന്നതിനും അവരുടെ കഴിവുകൾ പ്രദർശിപ്പിക്കുന്നതിനുള്ള അവസരങ്ങൾ നൽകുന്നതിനുമായി കേരള സാമൂഹ്യ സുരക്ഷാമിഷൻ, കേരള മാജിക്ക് അക്കാദമിയുമായി സഹകരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് 'ഡിഫറന്റ് ആർട്ട് സെന്റർ'. |

Jasmin Thomas

സെക്ഷൻ ഓഫീസർ